ചിത്തിരക്കായൽ കൊയ്ത്തുത്സവം നടത്തി

ആലപ്പുഴ : കൈനകരി പഞ്ചായത്തിലെ ചിത്തിരക്കായലിൽ കൊയ്ത്തുത്സവം നടന്നു. 190 ഹെക്ടർ പാടത്തെ ഉമ നെൽക്കൃഷിയാണ് ജില്ല കളക്ടർ എം അഞ്ജന കൊയ്ത് ഉദ്ഘാടനം ചെയ്തത്. തുടർന്ന് കൊയ്ത്തു മെതി യന്ത്രത്തിലും കയറി ജില്ലാ കളക്ടർ കൊയ്ത്തിൽ പങ്കെടുത്തു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ലത ജി പണിക്കർ, അഗ്രികൾച്ചർ ടെക്നിക്കൽ അസിസ്റ്റന്റ് ബീന, എ പി ഓ സുജ ഈപ്പൻ, ചമ്പക്കുളം കൃഷി അസിസ്റ്റന്റ് ഓഫിസർ രമാദേവി, കൈനകരി കൃഷി ഓഫീസർ ശ്രുതി, ചിത്തിര കായൽ പാട ശേഖര സമിതി സെക്രട്ടറി അഡ്വ.മോഹൻദാസ്, പ്രസിഡന്റ് ജോസഫ് ചാക്കോ, റാണി പാടശേഖരസമിതി സെക്രട്ടറി കുഞ്ഞച്ചൻ, പ്രസിഡന്റ് ശിവരാജന്, ശരത്, വാർഡ് മെമ്പര് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

രണ്ടു പതിറ്റാണ്ടായി തരിശായി കിടന്ന ചിത്തിരക്കായലിൽ 2015 മുതലാണ് ജില്ലാ ഭരണകൂടത്തിന്റെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ കൃഷി പുനരാരംഭിച്ചത്.